"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മുൻ എൽ. ഡി. ക്ലർക്ക് വിരമിച്ച ശ്രീമതി. ഷീല എസ്. ന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2948/2025/LSGD തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20.11.2007 ലെ ഡി3-39754/07 നമ്പർ ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 21.04.2009 ലെ ഡി3-39754/07 നമ്പർ ഉത്തരവ്.
3. സ.ഉ (കൈ) നം.6/2025/VIG തീയതി, 11/03/2025.
4. ശ്രീമതി ഷീല എസ്. സമർപ്പിച്ച 07.08.2025-ലെ അപേക്ഷ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 22/10/2025 ലെ LSGD/PD/2730/2023-VIGA1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മുൻ എൽ.ഡി. ക്ലർക്ക് ശ്രീമതി ഷീല എസ്. വാർദ്ധക്യകാല പെൻഷൻ തുകയിൽ തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് ടിയാളെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സസ്പെൻഡ് ചെയ്യുകയും തുടർന്ന് ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും അച്ചടക്ക നടപടിക്ക് വിധേയമായി ടിയാളെ പരാമർശം (2) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ടിയാൾ 05.05.2009-ൽ കോഴിക്കോട് ജില്ലയിലെ കൂതാളി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു.

2. മേൽ പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി ഷീല എസ്. ന് എതിരെ VC 01/2009/SRT നമ്പരായി രജിസ്റ്റർ ചെയ്തിരുന്ന വിജിലൻസ് കേസ് അന്വേഷണം പൂർത്തിയാക്കി കേസിന്റെ അന്തിമ റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിക്കുകയും ആയത് ബഹു. കോടതി 27.04.2018-ൽ അംഗീകരിക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണൽ നടത്തിയ അന്വേഷണത്തിൽ ശ്രീമതി ഷീലയ്ക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിഞ്ഞതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 31.05.2022-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി ഷീലയ്ക്കെതിരെ സസ്പെൻഷന് ആധാരമായ വിഷയവുമായി ബന്ധപ്പെട്ട് KSR Part III Rule 3(a) പ്രകാരം വിജിലൻസ് വകുപ്പ് മുഖേന അച്ചടക്ക നടപടി ആരംഭിക്കുകയും ആയത് ടിയാളുടെ പ്രതിമാസ പെൻഷനിൽ നിന്നും രണ്ടായിരം രൂപ വീതം 3 വർഷത്തേയ്ക്ക്

കുറവ് വരുത്തി പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

3. 20.11.2007 മുതൽ 04.05.2009 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രവൽക്കരിച്ച് നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷീല എസ്. പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ മുൻ എൽ. ഡി. ക്ലർക്ക് വിരമിച്ച ശ്രീമതി ഷീല എസ്. ന്റെ 20-11-2007 മുതൽ 20-04-2009 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൾ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായും, 21-04-2009 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ [KSRs Part I Rule-127 പ്രകാരം അനുവദനീയമായ പ്രവേശന കാലയളവ് - ചട്ടപ്രകാരമുള്ള തയ്യാറെടുപ്പ് കാലവും (6ദിവസം) യഥാർത്ഥ യാത്രാസമയവും ചേർന്ന കാലയളവ് മാത്രം] (apportioned second) അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ഷീല എസ്., മുൻ എൽ.ഡി. ക്ലർക്ക്, ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. *(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം മുഖേന)*
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. ധനകാര്യ (വികസന) വകുപ്പ് *(20/11/2025 ലെ e-3321571/ഡെവ-1/242/2025-ധന നമ്പർ കുറിപ്പ് പ്രകാരം)*
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം.ഇപിബി2/126/2025/തസ്വഭവ)*

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 12-12-2025 10:34:18
സെക്ഷൻ ഓഫീസർ